**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1164** **07-10-2021 - ൽ മറുപടിയ്ക്ക്**

**വയ്യാറ്റു പുഴ - പുതുക്കട റോഡിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ടി.പി. മുഖേന നടപ്പാക്കുന്ന വയ്യാറ്റു പുഴ - പുതുക്കട റോഡിന്റെ നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | വയ്യാറ്റു പുഴ - പുതിപ്പാട് റോഡിന്റെ വിശദമായ പദ്ധതി രൂപരേഖ ജർമ്മൻ ബാങ്കിന്റെ (KfW) അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ജർമ്മൻ ബാങ്കിന്റെ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത റോഡിന്റെ ഫണ്ടിംഗ് ഏജൻസി , ഡി.പി.ആർ. കൺസൽട്ടൻസി എന്നിവ വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത റോഡിന്റെ ഫണ്ടിംഗ് ഏജൻസി ജർമ്മൻ ബാങ്കും (KfW), ഡി.പി.ആർ കൺസൾട്ടൻസി M/s. Egis India Consulting Engineers Pvt. Ltd ഉം ആണ് |
| (സി) | പദ്ധതിയ്ക്ക് കാലതാമസം നേരിടുന്ന രീതിയിൽ കൺസൽട്ടൻസിയുടെ ഭാഗത്ത് നിന്ന് അനാസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | ഇല്ല. പ്രസ്തുത റോഡിന്റെ വിശദമായ പദ്ധതി രൂപരേഖ 2021 ജനുവരി മാസത്തിൽ കൺസൾട്ടൻസി തയ്യാറാക്കിയിരുന്നു. എന്നാൽ പ്രവൃത്തിയിലുൾപ്പെട്ട ഒരു പാലത്തിൻെറ നിർമ്മാണവും ഭൂമി ഏറ്റെടുക്കലും ഒഴിവാക്കുവാൻ തീരുമാനിച്ചതിനെ തുടർന്ന് പദ്ധതി രൂപരേഖ പുന:പരിശോധിക്കേണ്ടതായി വന്നു. ആയതിനാലാണ് പദ്ധതിക്ക് കാലതാമസം നേരിട്ടത്. |
| (ഡി) | പ്രവൃത്തിയുടെ പ്രോജക്റ്റ് സൈക്കിളിന്റെ കലണ്ടർ പ്രകാരം എപ്പോൾ പദ്ധതി ആരംഭിച്ച് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ഭരണാനുമതി നൽകി, പദ്ധതി രൂപരേഖയ്ക്ക് ജർമ്മൻ ബാങ്കിന്റെ അംഗീകാരം ലഭിച്ചതിനു ശേഷം മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ